(ഡി) കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) നിയമം സെക്ഷൻ 23 എ (6) പ്രകാരം കണ്ടുകെട്ടിയ മണൽ നിർമ്മിതി കേന്ദ്രയുടെ കലവറയ്ക്ക് വിൽപ്പന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വാഹനങ്ങളിലുള്ള മണൽ കേസിന്റെ തീർപ്പിനനുസരിച്ച് നിർമ്മിതി കേന്ദ്രയുടെ കലവറയ്ക്ക് കൈമാറുന്നതാണ്. വാഹനങ്ങൾ നിയമാനുസൃതം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

അനധികൃതമായി ഭൂമി കൈക്കലാക്കൽ

179(3101) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി തട്ടിപ്പ് ഭൂപണയത്തിന്മേൽ പലിശയ്ക്ക് പണംനൽകി ചില റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഭൂമി കൈക്കലാക്കൽ തുടങ്ങിയ വിവിധതരം തട്ടിപ്പുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഭൂമി/വാസസ്ഥലം/ കടകൾ തുടങ്ങിയവ വ്യാജപ്രമാണങ്ങളും വ്യാജരേഖകളും ഉദ്യോഗസ്ഥരുടെ സഹായവും ഗുണ്ടാസംഘങ്ങളുടെ സംരക്ഷണവും ഉപയോഗിച്ച് പലരും കൈക്കലാക്കിയത് സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ സർക്കാരിന് ലഭിച്ചു ; റവന്യൂ വകുപ്പ് പ്രസ്തുത പരാതികളിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ;

(സി) റവന്യൂ വകുപ്പിന്റെ കണക്കുകൾപ്രകാരം ഇത്തരം തട്ടിപ്പുകൾക്കു വിധേയമായി ഭൂമി നഷ്ടപ്പെട്ടവർ എത്ര ; ആത്മഹത്യ ചെയ്തവർ എത്ര ; കൊലചെയ്യപ്പെട്ടവർ എത്ര ; മാരകമായ ആക്രമണങ്ങൾക്ക് വിധേയരായവർ എത്ര വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇത്തരം തട്ടിപ്പുകൾക്ക് വിധേയരായവർക്ക് അവരുടെ സ്വത്തു വകകൾ തിരികെ നൽകുവാനായി റവന്യൂവകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇത്തരം തട്ടിപ്പുകൾക്ക് കൂട്ടുനിൽക്കുകയും തട്ടിപ്പുകൾ നടത്തിയതായി കണ്ടെത്തുകയും ചെയ്ത റവന്യൂ വകുപ്പിന്റെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചു ; പ്രസ്തുത ഉദ്യോഗസ്ഥർ ആരെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത്തരം തട്ടിപ്പുകാരുടെ പ്രവർത്തനം അവസാനിപ്പിക്കാനും, തട്ടിപ്പിനു വിധേയരാകുന്നവരുടെ ഭൂമി തിരികെ നൽകാനും നിലവിലെ നിയമങ്ങൾ സമഗ്രമായി പരിഷ്കരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റിപ്പോർട്ട് ലഭ്യമായ ജില്ലകളിൽ കൊല്ലം ജില്ലയൊഴികെയുള്ള ജില്ലകളിൽ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ കൊല്ലം ജില്ലയിൽ ഉദ്യോഗസ്ഥർക്കെതിരെ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ലെങ്കിലും 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കിയശേഷം ബ്ലേഡ് മാഫിയയ്ക്കെതിരെ നടപടി ആവശ്യപ്പെട്ട് 14 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ അന്വേഷണവും തുടർനടപടിയും സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് കൈമാറിയിട്ടുണ്ട്.

(സി- എഫ്) ബാധകമല്ല.

പയ്യന്നൂരിൽ മിനി സിവിൽ സ്റ്റേഷൻ

180(3102) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂരിൽ പൂർത്തിയായിവരുന്ന മിനി സിവിൽസ്റ്റേഷൻ ഓഫീസുകൾക്ക് മുറികൾ അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) മിനി സിവിൽസ്റ്റേഷൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഓഫീസുകൾക്ക് മുറി അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഏതെല്ലാം ഓഫീസുകൾക്കാണ് മിനി സിവിൽസ്റ്റേഷനിൽ മുറികൾ അനുവദിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. മിനി സിവിൽസ്റ്റേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിക്കുന്നതിന് പരിഗണിക്കപ്പെടുന്ന ഓഫീസുകളായ എക്സൈസ് റെയ്ഞ്ച് ഓഫീസ്, ലേബർ ഓഫീസ്, ലാൻഡ് ട്രിബ്യൂണൽ, പയ്യന്നൂർ, ക്ഷീര വികസനവകുപ്പ്, ഇറിഗേഷൻ, വാണിജ്യ നികുതി , ഫുഡ് സേഫ്റ്റി, വൊക്കേഷണൽ ഹയർ സെക്കന്ററി, റീജണൽ ഓഫീസ്, റീസർവ്വെ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ, കൃഷി വകുപ്പിന്റെ ഓഫീസ് എന്നിവയ്ക്ക് മുറി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly